⇨ *പുനരാരംഭിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു എന്നാണ് മറുപടി നൽകിയത്* ⇨

സ്വതന്ത്ര്യലബ്ദിക്ക് മുമ്പുതന്നെ നിയമനിർമ്മാണസഭ നിലനിന്നിരുന്ന സംസ്ഥാനമാണ് കേരളം. നാട്ടുരാജ്യങ്ങളുടെ ചരിത്രത്തിൽ ആദ്യമായി നിയമ നിർമ്മാണസഭ രൂപീകരിച്ചത് തിരുവിതാംകൂറിലാണ്. കേരള സംസ്ഥാനം രൂപീകൃതമായ ശേഷം ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ നിയമനിർമ്മാണസഭയായി നിയമസഭ മാറി. ജനാധിപത്യത്തിന്റെ അടിസ്ഥാന ഘടകമായി പരിഗണിക്കപ്പെടുന്ന നിയമസഭ എന്താണ് ജനാധിപത്യത്തിന് സംഭാവന നൽകിക്കൊണ്ടിരിക്കുന്നത്. ജനാധിപത്യം പരിമിതപ്പെടുത്താനുള്ള ശ്രമങ്ങൾ ഭരണകൂടങ്ങൾ ശക്തമാക്കുന്ന ഇക്കാലത്ത് സർക്കാർ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത് എന്നറിയുന്നത് പ്രധാനമാണ്. പരിസ്ഥിതി- സാമൂഹിക വിഷയങ്ങളിൽ കേരള നിയമസഭയിൽ വരുന്ന ചോദ്യോത്തരങ്ങളിലൂടെ കടന്നുപോകുന്ന പംക്തി തുടങ്ങുന്നു...

# സർക്കാർ എന്താണ് ചെയ്യുന്നത്?

**സഭാനിരീക്ഷകൻ**



**അതിരപ്പിള്ളി പദ്ധതി/വൈദ്യുതി ക്ഷാമം**

സംസ്ഥാനത്തെ വൈദ്യുതി മേഖലയിൽ അടുത്ത വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ച് ഫെബ്രുവരി 28ന് നൽകിയ മറുപടിയിൽ (നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 36) അതിരപ്പിള്ളി പദ്ധതി ഉണ്ടായിരുന്നില്ല. ആകെ 87.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ മാത്രമായിരുന്നു ഉത്തരത്തിൽ ഉണ്ടായിരുന്നത്. അനുബന്ധമായി ചേർത്ത നിർമ്മാണം നടന്നുവരുന്ന പദ്ധതികളുടെ ലിസ്റ്റിലും അതിരപ്പിള്ളി ഉണ്ടായിരുന്നില്ല. എന്നാൽ അതേ ദിവസം തന്നെ സമാനമായ ചോദ്യത്തിന് നൽകിയ മറ്റൊരു മറുപടിയിൽ (നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 642) തുടങ്ങാൻ ഉദ്ദേശിക്കുന്ന പുതിയ 15 ജലവൈദ്യുത പദ്ധതികളുടെ ലിസ്റ്റിൽ അതിരപ്പിള്ളിയും ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് നടന്നുവരുന്നു എന്നും സൂചിപ്പിച്ചിട്ടുണ്ട്. മുമ്പ് തുടങ്ങിയതും കേന്ദ്രാനുമതി ലഭിച്ചതുമായ അതിരപ്പിള്ളി വൈദ്യുത പദ്ധതി പുനരാരംഭിക്കുമോ എന്ന മറ്റൊരു ചോദ്യത്തിന് പുനരാരംഭിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു എന്നാണ് മറുപടി നൽകിയത്. വൈദ്യുതി വകുപ്പിന് അതിരപ്പിള്ളി പദ്ധതിയുടെ അവ്യക്തതയുള്ളതായാണ് ഈ വൈരുദ്ധ്യം സൂചിപ്പിക്കുന്നത്.

അതേസമയം, 2015-16 സാമ്പത്തിക വർഷത്തെ പ്രസരണ-വിതരണ നഷ്ടം 3267 ദശലക്ഷം യൂണിറ്റ് ആണെന്നും 2015-16ലെ വൈദ്യുതി വാങ്ങൽ വില കണക്കാക്കിയാൽ പ്രസരണ-വിതരണ നഷ്ടത്തിന്റെ മൂല്യം 1303.53 കോടി രൂപയാണെന്നും വൈദ്യുതി മന്ത്രി മറുപടി നൽകി. ഈ വർഷം ജല ദൗർലഭ്യം മൂലമുണ്ടാകുന്ന ഊർജ്ജപ്രതിസന്ധി പരിഹരിക്കുന്നതിനുള്ള മറ്റ് മാർഗ്ഗങ്ങളും ആവിഷ്കരിച്ചിട്ടുള്ളതായി വൈദ്യുതി മന്ത്രി മറുപടി നൽകിയിട്ടുണ്ട്. അതുപ്രകാരം വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് 865 മെഗാവാട്ടിന്റെ ദീർഘകാല കരാറും 300 മെഗാവാട്ടിന്റെ റൗണ്ട് ദ ക്ലോക്ക് എഗ്രിമെന്റും പീക്ക് സമയത്തേക്കുള്ള 100 മെഗാവാട്ടിന്റെ ഹ്രസ്വ കരാറിലും സംസ്ഥാനം ഏർപ്പെട്ടിട്ടുണ്ട്. 2016 ഡിസംബർ 6 മുതൽ 315 മെഗാവാട്ട് വൈദ്യുതി ദീർഘകാല അടിസ്ഥാനത്തിൽ ലഭിച്ചുതുടങ്ങി. കൂടുതൽ വൈദ്യുതി പുറമേ നിന്നും കൊണ്ടുവരുന്നതിനുള്ള ഇടനാഴിയും ലഭ്യമായിട്ടുണ്ട്. ഇത് കഴിഞ്ഞുള്ള വൈദ്യുതി കമ്മി പവർ എക്സ്ചേഞ്ച്, അൺഷെഡ്യൂൾഡ് ഇന്റർചേഞ്ച്, കപ്പാസിറ്റർ അഡ്ജസ്റ്റ്മെന്റ് എന്നിവ വഴി നികത്തും. 10.3 സ്ഥാപിതശേഷിയുള്ള 13 സൗരോർജ്ജ പദ്ധതികളുടെ നിർമ്മാണം നടക്കുന്നതായും മന്ത്രി അറിയിച്ചു.

2017 മാർച്ച് മുതൽ ജൂൺ വരെയുള്ള കാലയളവിലെ ഉപഭോഗം പ്രതീക്ഷിച്ച് ഡീപ്പ്-ഇ-ബിഡ്ഡിംഗ് വഴി 200 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിനുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 2017 ഫെബ്രുവരി 21ലെ കണക്കു പ്രകാരം 1646.71 മില്യൺ യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള വെള്ളം സംസ്ഥാനത്തെ ജലസംഭരണികളിൽ ശേഷിക്കുന്നുണ്ട്. 2016 ഫെബ്രുവരി 21ന് 2246.81 മില്യൺ യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള വെള്ളമായിരുന്നു ഉണ്ടായിരുന്നത്. അതുമായി താരതമ്യം ചെയ്യുമ്പോൾ 14.50 ശതമാനം കു

റവാണെന്നും വൈദ്യുതി വകുപ്പ് മന്ത്രി എം.എം. മണി വിവിധ ചോദ്യങ്ങൾക്കുള്ള മറുപടിയായി പറഞ്ഞു.

### കുഴൽകിണർ/ജലക്ഷാമം

കുഴൽകിണറുകൾ നിർമ്മിക്കുന്നതു കാരണം ജലക്ഷാമമുണ്ടാകുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിന് കുഴൽകിണറുകളുടെ നിർമ്മാണം മാത്രമാണ് ജലക്ഷാമത്തിന് കാരണമെന്ന് പറയാൻ കഴിയുകയില്ല എന്നാണ് മന്ത്രി മാത്യു. ടി. തോമസ് മറുപടി നൽകിയത്. സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ കുഴൽക്കിണർ നിർമ്മിക്കുന്നതിന് അതാത് പഞ്ചായത്തിന്റെ അനുമതിയും 2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 93(എ) ആവശ്യമാണെന്നും പഞ്ചായത്തിൽ നിന്നും ഈ അനുമതി ലഭിക്കുന്നതിന് ഭൂജലവകുപ്പിന്റെ നിരാക്ഷേപ പത്രം ആവശ്യമാണെന്നും മന്ത്രി മറുപടിയിൽ പറയുന്നു. കൂടാതെ സ്വകാര്യവ്യക്തികൾ നടത്തുന്ന കുഴൽകിണർ നിർമ്മാണം ഭൂജല വകുപ്പിലെ ജില്ലാ ഉദ്യോഗസ്ഥന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർക്ക് ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിന്റെ വ്യവസ്ഥകളനുസരിച്ച് നിർദ്ദേശം റവന്യൂവകുപ്പ് നൽകിയിട്ടുണ്ടെന്നും മന്ത്രി മറുപടി നൽകി.

വ്യാവസായിക ആവശ്യത്തിനും കുടിവെള്ള കമ്പനികൾക്കും ഭൂജലം ഉപയോഗിക്കുന്നതിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ എൻ.ഒ.സി ബാധകമാക്കിയിട്ടുണ്ട്. അമിത ഭൂജല ഉപയോഗം നടത്തുന്നതായ പരാതികളിന്മേൽ ആവശ്യമായ ശാസ്ത്രീയ പഠനങ്ങൾ നടത്തി നിയന്ത്രണങ്ങൾ ഏർപ്പെടുത്തി വരുന്നതായും മറ്റൊരു ചോദ്യത്തിന് ഉത്തരമായി മന്ത്രി പറഞ്ഞു.

അമിതമായി ഭൂഗർഭജലം ഊറ്റിയെടുത്ത് വിൽക്കുന്ന കുടിവെള്ള വിൽപ്പന കമ്പനികളെ വരൾച്ചാ കാലത്ത് നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ എന്ന ചോദ്യത്തിന് മറുപടിയായി ഭൂജല വകുപ്പ് ശാസ്ത്രീയ പഠനങ്ങൾ നടത്തി, മറ്റു ജലസ്രോതസ്സുകളെ ബാധിക്കാത്ത രീതിയിൽ സുരക്ഷിതമായ അളവിലാണ് കുപ്പിവെള്ള കമ്പനികൾക്ക് ഭൂജലം ഉപയോഗിക്കുന്നതിനുള്ള എൻ.ഒ.സി നൽകുന്നത് എന്നും വരൾച്ചയുടെ പശ്ചാത്തലത്തിൽ എൻ.ഒ.സി ലഭ്യമാക്കിയിട്ടുള്ള കുപ്പിവെള്ള കമ്പനികൾക്ക് ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദ്ദേശപ്രകാരം ഭൂജല ഉപയോഗം 75 ശതമാനം കുറയ്ക്കാനുള്ള നിർദ്ദേശം വകുപ്പ് നൽകിയിട്ടുള്ളതായും മന്ത്രി മറുപടി നൽകി.

### വായു-ജല മലിനീകരണം

വായുമലിനീകരണം, ജലമലിനീകരണം എന്നിവയുടെ തോത് ക്രമാതീതമായി വർദ്ധിച്ചുവരുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന ചേദ്യത്തിന് മറുപടിയായി പരിസ്ഥിതി വകുപ്പ് കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രി ഇപ്രകാരമാണ് മറുപടി നൽകിയത്. "വായുമലിനീകരണം, ജലമലിനീകരണം എന്നിവയുടെ തോത് ക്രമാതീതമായി വർദ്ധിച്ചുവരുന്നതുമായി ബന്ധപ്പെട്ട് ആധികാരിക രേഖകൾ ഒന്നും ലഭ്യമായിട്ടില്ല. എന്നിരുന്നാലും സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെയും അന്തരീക്ഷവായുവിന്റെയും ഗുണനിലവാരം നിർണ്ണയിക്കുന്നതിനായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ നാഷണൽ ആംബിയൻസ് വാട്ടർ/എയർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും ഉൾപ്പെടുത്തി കേരളത്തിലെ ജലസ്രോതസ്സുകളിലെ വിവിധ സ്ഥലങ്ങളിലെ സ്റ്റേഷനുകളിൽ നിന്നും മലിനീകരണ നിയന്ത്രണ ബോർഡ് വെള്ളത്തിന്റെ സാമ്പിളുകളും സംസ്ഥാനത്തെ തെരഞ്ഞെടുത്ത എയർസ്റ്റേഷനുകളിൽ നിന്ന് വായുവിന്റെ സാമ്പിളുകളും ക്രമമായി ശേഖരിച്ച് പരിശോധന നടത്തി വരുന്നുണ്ട്."

### കാലാവസ്ഥാ വ്യതിയാനം

കാലാവസ്ഥാ വ്യതിയാനത്തെയും പ്രത്യാഘാതങ്ങളെയും വിലയിരുത്തിയിട്ടുണ്ടോ എന്ന ചോദ്യത്തിന് മറുപടിയായി, 'സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചേഞ്ച്-2014' എന്ന റിപ്പോർട്ട് കേന്ദ്ര മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചതായും കേന്ദ്രത്തിന്റെ അംഗീകാരം ലഭിച്ച ആക്ഷൻ പ്ലാനിന്റെ പരിഷ്കരണവും ബന്ധപ്പെട്ട വകുപ്പുകളുമായി ഏകോപിപ്പിച്ചുള്ള പ്രവർത്തനവും നടന്നു വരുന്നതായും പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന വകുപ്പ് മന്ത്രികൂടിയായ മുഖ്യമന്ത്രി മറുപടി നൽകി. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട നാഷണൽ/സ്റ്റേറ്റ് ആക്ഷൻപ്ലാനുകൾ നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാർ രൂപീകരിച്ച നാഷണൽ അഡാപ്റ്റേഷൻ ഫണ്ട് ഫോർ ക്ലൈമറ്റ് ചേഞ്ചിൽ നിന്നും സംസ്ഥാന ഫിഷറീസ് വകുപ്പിന് കീഴിലുള്ള അഡാകിന് 25 കോടി രൂപ അനുവദിച്ചിട്ടുള്ളതായും മുഖ്യമന്ത്രി മറുപടി നൽകി.

### കാട്ടുതീ

കാട്ടുതീ മൂലം ഈ വർഷം സംസ്ഥാനത്തെ എത്രത്തോളം വനമേഖല കത്തി നശിച്ചു എന്ന ചോദ്യത്തിന് 2017 ഫെബ്രുവരി 28 വരെയുള്ള കണക്ക് പ്രകാരം 2013.41 ഹെക്ടർ വനമേഖലയെ കാട്ടുതീ ബാധിച്ചതായി വനം മന്ത്രി കെ. രാജു മറുപടി നൽകി. കാട്ടുതീയുണ്ടാകുന്നതിനുള്ള പ്രധാന കാരണം തീയുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ അശ്രദ്ധയായി കൈകാര്യം ചെയ്യുന്ന മനുഷ്യന്റെ പ്രവൃത്തികളാണെന്നും കാട്ടുതീ ബാധിക്കുന്നതിലൂടെ വിപത്തുകളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നതിനായി നാനൂറോളം ബോധവത്കരണ പരിപാടികൾ നടത്തിയിട്ടുണ്ടെന്നും മന്ത്രി മറുപടി നൽകി.

### വനാവകാശ നിയമം/പെസ

വനാവകാശ നിയമം പൂർണ്ണമായ തോതിൽ സംസ്ഥാനത്ത് പ്രാവർത്തികമാക്കിയിട്ടുണ്ടോ എന്ന ചോദ്യത്തിന് പൂർണ്ണ തോതിൽ സംസ്ഥാനത്ത് പ്രാവർത്തികമാക്കാനുള്ള നടപടികൾ തുടർന്നുവരുകയാണ് എന്നാണ് വകുപ്പ് മന്ത്രി എ.കെ. ബാലൻ മറുപടി നൽകിയത്. വനാവകാശ നിയമപ്രകാരം 25,081 പേർക്ക് 33,778 ഏക്കർ സ്ഥലം വിതരണം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 164 സാമൂഹിക അവകാശങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. 469 അപേക്ഷകളിന്മേൽ 204 ഏക്കർ ഭൂമിയ്ക്ക് വികസനാവശ്യങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ആകെ 38,164 അപേക്ഷകൾ ലഭിച്ചിരുന്നു. 8008 അപേക്ഷകൾ നിരസിക്കപ്പെട്ടു. ബാക്കി

യുള്ള 4075 അപേക്ഷകളിൽ നടപടി ക്രമങ്ങൾ പൂർത്തീകരിച്ചുവരുന്നു. 2017 മാർച്ച് 31ന് അകം നടപടികൾ പൂർത്തീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നും മന്ത്രി മറുപടി നൽകി.

വനാവകാശ നിയമം നടപ്പിലാക്കുന്നതിൽ വനം വകുപ്പിന്റെ ഭാഗത്ത് നിന്നും എതിർപ്പുകൾ ഉണ്ടായിട്ടുണ്ടോ എന്ന ചോദ്യത്തിന്, പത്തനംതിട്ട ജില്ലയിലെ ചാലക്കയം, മൂഴിയാർ മേഖലകളിൽ 25 മലമ്പണ്ടാര സമുദായത്തിൽപ്പെട്ടവർക്കും തൃശൂർ ജില്ലയിലെ ഒളകര കോളനിയിലെ 40 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും എറണാകുളം ജില്ലയിലെ താളുകണ്ടം പുനരധിവാസ കോളനിയിലും വനം വകുപ്പിന്റെ എതിർപ്പു കാരണം വനാവകാശ രേഖ നൽകാൻ കഴിഞ്ഞിട്ടില്ലെന്നാണ് മന്ത്രി മറുപടി നൽകിയത്. കൂടാതെ, പാലക്കാട് ജില്ലയിൽ ജില്ലാതല കമ്മിറ്റി അംഗീകരിച്ച് വനാവകാശ രേഖ നൽകുന്നതിന് അനുമതി നൽകിയിരുന്ന ക്ലെയ്മുകളിൽ 63 ക്ലെയ്മുകൾ പിന്നീട് വനംവകുപ്പ് എതിർപ്പ് ഉന്നയിച്ചതിനെ തുർന്ന് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. പാലക്കാട് ജില്ലയിലെ തന്നെ കടപ്പാറയിൽ വനാവകാശം നൽകുന്നതിനുള്ള അപേക്ഷ ജില്ലാതല കമ്മിറ്റി പാസാക്കിയിട്ടും വനം വകുപ്പ് തടസ്സം ഉന്നയിച്ചതിനാൽ നൽകാൻ കഴിഞ്ഞിട്ടില്ലെന്ന് മന്ത്രി അറിയിച്ചു.

ആദിവാസി സമൂഹങ്ങൾക്ക് സ്വയംഭരണാവകാശം നൽകുന്ന 'പെസ' നിയമം (പഞ്ചായത്തീരാജ് വ്യവസ്ഥകൾ (പട്ടികവർഗ്ഗ മേഖലയിലേക്ക്) വ്യാപിപ്പിക്കൽ നിയമം) നടപ്പിലാക്കുന്നതിനുള്ള നടപടി എതു ഘട്ടത്തിലാണ് എന്ന ചോദ്യത്തിന് ഇതുസംബന്ധിച്ച് 2015 ഏപ്രിൽ 7ന് കേന്ദ്രസർക്കാറിന് റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും പ്രസ്തുത റിപ്പോർട്ടിൽ ഇടുക്കി, കണ്ണൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിലെ 24 ഗ്രാമപഞ്ചായത്തുകളിലെ 2445 ഊരുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി എ.കെ. ബാലൻ മറുപടി നൽകി. പെസ പട്ടികയ്ക്ക് കേന്ദ്ര സർക്കാരിന്റ അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിന് ഇല്ല എന്നാണ് മന്ത്രി മറുപടി നൽകിയത്. പട്ടികയിൽ ഉൾപ്പെടുത്തിയ 2445 ഊരുകളുടെ അതിർത്തി ഏതെന്നതിൽ വ്യക്തതയില്ലെന്നും നിലവിലെ ഒരു പഞ്ചായത്ത് വാർഡിനകത്ത് തന്നെ ഊരുകൾ മാത്രമായി ചെറിയ സ്വയംഭരണ പ്രദേശങ്ങൾ സൃഷ്ടിക്കപ്പെടുന്നതിന്റെ പ്രശ്നങ്ങൾ വിശദമായി പഠിക്കേണ്ടതുണ്ടെന്നും മന്ത്രി മറുപടി നൽകി.

### അനധികൃത മണൽ വാരൽ

അനധികൃത മണൽ വാരൽ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന ചോദ്യത്തിന് ഉത്തരമായി, റവന്യൂ വകുപ്പും പോലീസ് വകുപ്പും സംയുക്തമായി ജില്ലാ തലത്തിലും താലൂക്ക് തലത്തിലും സ്ക്വാഡുകൾ രൂപീകരിച്ച് ശക്തമായി നടപടികൾ സ്വീകരിക്കുന്നതായി റവന്യൂ മന്ത്രി ഇ. ചന്ദ്രശേഖരൻ മറുപടി നൽകി. സംസ്ഥാനത്തെ 16 നദികളിൽ സാൻഡ് ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പഠനം പൂർത്തിയാക്കിയ 16 നദികളിൽ 6 നദികളിൽ മാത്രം (ഇത്തിക്കര, പെരിയാർ, പമ്പ, മൂവാറ്റുപുഴ, ചാലിയാർ, കടലുണ്ടി) നിലവിലെ നിയമങ്ങൾക്ക് വിധേയമായി ഖനനം തുടരുന്നതിനുള്ള മണൽ ലഭ്യമാണ്. അവശേഷിക്കുന്ന 10 പുഴകളിൽ (നെയ്യാർ, വാമനപുരം, കബനി, കല്ലട, ചന്ദ്രഗിരി, കുറ്റ്യാടി, കരുവണ്ണൂർ, അഞ്ചരക്കണ്ടി, മീനച്ചിൽ, കരമന) മണൽ ലഭ്യത ഇല്ല എന്നും സാൻഡ് ഓഡിറ്റിംഗ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ 10 പുഴകളിലും മൂന്ന് വർഷത്തേക്ക് മണൽവാരൽ നിരോധനം ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ഡാമുകളുടെ റിസർവോയറുകളിൽ നിന്നും മണൽ വാരുന്നതിനുള്ള പദ്ധതി സർക്കാർ ആവിഷ്കരിച്ചു വരികയാണെന്നും അതിനായി വിവിധ വകുപ്പുകളുടെ ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെട്ട ഒരു സമിതി രൂപീകരിക്കുകയും സമിതി നിർദ്ദേശിച്ച സാങ്കേതികവിദ്യ ഉപയോഗിച്ച് മണൽ വാരുന്നതിനുള്ള പൈലറ്റ് പദ്ധതികൾക്കായി ചുള്ളിയാർ, മംഗലം ഡാമുകളെ തെരഞ്ഞെടുത്തതായും മന്ത്രി മറുപടി നൽകി.

### നെൽവയൽ നീർത്തട സംരക്ഷണം

ഈ സർക്കാർ നിലവിൽ വന്ന ശേഷം നെൽവൽ നീർത്തട സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ എന്ന ചോദ്യത്തിന് മറുപടിയായി, നെൽവയൽ തണ്ണീർത്തട നിയമം നിലവിൽ വരുന്നതിന് മുമ്പുള്ള അനധികൃത പരിവർത്തനങ്ങൾ ക്രമപ്പെടുത്തുന്നതിനുള്ള 3 എ ഭേദഗതി പിൻവലിക്കുന്നതിന് നിയമ നിർമ്മാണം നടത്തിയിട്ടുള്ളതായി റവന്യൂ മന്ത്രി ഇ. ചന്ദ്രശേഖരൻ അറിയിച്ചു.

### രാജമാണിക്യം റിപ്പോർട്ട്

ഹാരിസൺ മലയാളം പ്ലാന്റേഷൻസ് അനധികൃതമായി തോട്ടം ഭൂമി കൈവശം വച്ചിരിക്കുന്നത് സംബന്ധിച്ച് ജില്ലാ കളക്ടറായ രാജമാണിക്യം നൽകിയ റിപ്പോർട്ടിൻമേൽ ഇതുവരെ എന്ത് നടപടികൾ സ്വീകരിച്ചു എന്ന ചോദ്യത്തിന് മറുപടിയായി, റിപ്പോർട്ടിലെ പ്രധാന ശുപാർശയായ സമഗ്ര നിയമനിർമ്മാണം നടത്തുന്നതിന്റെ സാധുത നിയമ വകുപ്പ് പരിശോധിച്ചുവരുന്നതായി റവന്യൂ മന്ത്രി ഇ. ചന്ദ്രശേഖരൻ മറുപടി നൽകി. ഹാരിസൺ മലയാളം പ്ലാന്റേഷൻസ് കമ്പനി വ്യാജരേഖ ചമച്ച് സർക്കാർ ഭൂമി കൈവശപ്പെടുത്തിയത് സംബന്ധിച്ച് എൻഫോഴ്സ്മെന്റ്/സി.ബി.ഐ അന്വേഷണം നടത്തണമെന്ന സ്പെഷ്യൽ ഓഫീസറുടെ ശുപാർശ സർക്കാരിന്റെ പരിശോധനയിലാണെന്നും മന്ത്രി മറുപടി നൽകി.

**കേരളീയം വരിസംഖ്യ അയയ്ക്കുമല്ലോ...**

വാർഷിക വരിസംഖ്യ (12 ലക്കം) :
ഇന്ത്യയിൽ : 300 രൂപ, സ്ഥാപനങ്ങൾക്ക് : 600 രൂപ
വിദേശത്തേക്ക് : 1200 രൂപ. കൂട്ടായ്മ അംഗത്വം : 15,000 രൂപ.
ആജീവനാന്ത വരിസംഖ്യ : 10,000 രൂപ.
കത്തുകൾ, വാർത്തകൾ, വിശകലനങ്ങൾ, സംഭാവന, പരസ്യങ്ങൾ എന്നിവയും പ്രതീക്ഷിക്കുന്നു.

*ബന്ധങ്ങൾക്ക് :*
**കേരളീയം, കൊക്കാലെ, തൃശൂർ-680021**
ഫോൺ : 0487 2421385, 9446586943